# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2268

08/07/2015-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ - ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ് | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) അന്യ സംസ്ഥാന തൊഴിലാളികൾക്ക് പകർച്ച വ്യാധികൾ ഉണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതു സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്ത പകർച്ച വ്യാധികളുടെ തിരിച്ചു വരവിനു കാരണമാകുമെന്നു മനസ്സിലാക്കിയിട്ടുണ്ടോ ; നിർബന്ധിത ആരോഗ്യ പരിശോധനയ്ക്ക് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | എ) | പരിശോധിക്കാൻ സംവിധാനമുണ്ട്.<br>ജാഗ്രത-സമഗ്ര പകർച്ചപ്പനി പ്രതിരോധ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ പഞ്ചായത്ത്, നഗരകാര്യം, തൊഴിൽ വകുപ്പുകളുമായി ചേർന്ന് ജൂൺ 28-ന് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും നടത്തി. 370 മെഡിക്കൽ ടീമുകൾ 1908 വാസ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. ചികിൽസയ്ക്കും ബോധവൽക്കരണത്തിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) അന്യസംസ്ഥാനതൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ? | ബി) | ജൂൺ 28, ജൂലൈ 5,12 തീയതികളിൽ എല്ലാ അന്യദേശ തൊഴിലാളി ക്യാമ്പുകളും സന്ദർശിച്ച് അവരുടെ രക്ത പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ 14 ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ. യുടെ നേതൃത്വത്തിൽ Emigrants Screening Team (EST) രൂപീകരിക്കാൻ |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമിൽ ഡോക്ടർമാർ, ഫീൽഡ് ജീവനക്കാർ, ലാബ് ടെക്നീഷ്യൻ, സോഷ്യൽ വർക്കർ എന്നിവരെ ഉൾപ്പെടുത്തി ജില്ലയിലെ ലേബർ ക്യാമ്പുകൾ സന്ദർശിക്കുകയും രോഗ നിർണ്ണയവും ചികിൽസയും ബോധവൽക്കരണവും നടത്തുന്നതാണ്. ഇതുവഴി അവരുടെ ആരോഗ്യ പ്രശ്നങ്ങൾ കുറെയൊക്കെ മനസ്സിലാക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ